**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - കുടുംബശ്രീ - രാജീവ് ആവാസ് യോജന പദ്ധതിക്കുവേണ്ടി കുടുംബശ്രീ തയ്യാറാക്കിയിട്ടുള്ള ജി.ഐ.എസ് മാപ്പുകൾ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനും ഇൻഫർമേഷൻ കേരള മിഷനും പങ്കുവയ്ക്കുന്നതിന് കുടുംബശ്രീക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3516/2015/തസ്വഭവ. തിരുവനന്തപുരം, തീയതി 26/11/2015.**

---

പരാമർശം:-(1)കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 19.08.2015 ലെ കെ.എം.ആർ.എൽ/എസ്.വൈ.എസ്/എ.ജി.എം(ആർ.എസ്)/2015/214 നമ്പർ കത്ത്.

(2)കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.11.2015 ലെ 1674/എൻ-2015-കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിശാല കൊച്ചിയുടെ ജി.ഐ.എസ് മാപ്പ് തയ്യാറാക്കുന്നതിലേക്കായി കുടുംബശ്രീയുടെ കൈവശമുള്ള വിശാല കൊച്ചിയുടെ 450 ചതുരശ്രമീറ്റർ സാറ്റലൈറ്റ് ഇമേജുകൾ പങ്കു വച്ചു നൽകണമെന്ന് പരാമർശം (1) പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇൻഫർമേഷൻ കേരളാ മിഷനും ജി.ഐ.എസ് മാപ്പുകൾ പങ്കു വച്ചു നൽകണമെന്ന് കുടുംബശ്രീയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ രാജീവ് ആവാസ് യോജന പദ്ധതിക്കു വേണ്ടി കുടുംബശ്രീ തയ്യാറാക്കിയിട്ടുള്ള ജി.ഐ.എസ് മാപ്പുകൾ സർക്കാർ ഏജൻസികളായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനും ഇൻഫർമേഷൻ കേരളാ മിഷനും പങ്കുവയ്ക്കുന്നതിന് കുടുംബശ്രീയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എൻ.വിശ്വനാഥൻ ആചാരി**
**അണ്ടർ സെക്രട്ടറി.**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**